


നമ്മുടെ നാട്ടിൽ അടുത്ത കാലത്ത് ഏററവുമധികം ഒച്ചപ്പാടുണ്ടാക്കിയ സംഭവമാണ് മാർക്ക് തിരുത്തൽ. അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സർവകലാശാലാ ഉദ്യോഗസ്ഥന്മാരേയും എല്ലാം പ്രതിക്കൂട്ടിലാക്കിയ ഈ സംഭവം സാമൂഹ്യ-ധാർമിക-വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള നമ്മുടെ പതനത്തിന് ഏററവും വലിയ ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്തായാലും, നമ്മുടെ പരീക്ഷാസമ്പ്രദായത്തിലും അതിനോടു ബന്ധപ്പെട്ട കാര്യങ്ങളിലും എന്തോ തെററുണ്ടെന്നാണ് ഇതെല്ലാം തെളിയിക്കുന്നത്. ഈ പശ്ചാത്തലത്തിൽ നമ്മുടെ പരീക്ഷാപരിഷ്കരണത്തെക്കുറിച്ചുള്ള ഒരു തുറന്ന ചർച്ച വളരെ പ്രസക്തമാണല്ലോ

# പരീക്ഷാ പരിഷ്കരണം

## അധർമത്തിൻെറ വിളയാട്ടം

### ഡോ: കെ. ഭാസ്കരൻ നായർ

സ്വന്തം സന്താനങ്ങളെ സ്നേഹിച്ചു വളർത്തി സ്വതന്ത്രരായി ജീവിക്കുന്നതിനു വേണ്ട പരിശീലനം നൽകുന്നത് പ്രാഥമികമായ ജന്തുധർമ്മമാണ്. മാതാപിതാക്കൾക്ക് കൈയൊഴിക്കുവാൻ കഴിയാത്ത ഈ കർത്തവ്യം ഒരു ജന്തുജാതിയും മററുള്ളവരെ ഏൽപ്പിക്കാറില്ല. എന്നാൽ, സംഘടിതജീവിതം തുടങ്ങി പരിഷ്കാരം നേടിയതോടുകൂടി മനുഷ്യവർഗം ഈ ചുമതല കൈവിട്ടിരിക്കുകയാണ്. മററുള്ളവരെക്കൊണ്ട് സ്വന്തം സന്താനങ്ങളെ പരിശീലിപ്പിക്കുന്ന ഈ ഏർപ്പാടിനെ വിദ്യാഭ്യാസം എന്നു പേർ പറയുന്നു. ആദ്യമായും ഈ പ്രക്രിയയുടെ ലക്ഷ്യം ഈശ്വരസാക്ഷാത്കാരം, സ്വഭാവരൂപവത്കരണം, വിജ്ഞാനസമ്പാദനം, സാഹിത്യസമ്പാദനം, എന്നൊക്കെയുള്ള അലൗകിക കാര്യങ്ങളായിരുന്നു. ക്രമേണ, മനസ്സിനെമാത്രം പോഷിപ്പിച്ചാൽ പോരാ, ശരീരത്തെയും പരിപാലിക്കണം, എന്ന അഭിപ്രായമുണ്ടായി. ''ആരോഗ്യമായ ശരീരത്തിൽ ആരോഗ്യമായ മനസ്സ്'' എന്ന ഗ്രീക്കുകാരുടെ ആദർശം മററു പല സംസ്കാരങ്ങളും സ്വീകരിച്ചു. വിദ്യാഭ്യാസത്തിൽ വ്യായാമത്തിനും സ്ഥാനം ലഭിച്ചു. വീണ്ടും കാലം കഴിഞ്ഞ് ആധുനിക യുഗത്തിൽ എത്തിയപ്പോഴാണ് വിദ്യാഭ്യാസം ഭൗതികമായ ഉത്കർഷത്തിനു കൂടി ഉപകരിക്കണം എന്ന ആശയം പ്രചരിച്ചത്. ഇന്ന് ഈ ലക്ഷ്യം വിദ്യാഭ്യാസത്തെ പരിപൂർണ്ണമായി കീഴടക്കിയിരിക്കുന്നു. വിദ്യാഭ്യാസത്തിൻെറ മററു പ്രയോജനങ്ങളെപ്പററി ആരും ഒരക്ഷരം പോലും ഉരിയാടുന്നില്ല.

വിദ്യാഭ്യാസം ഉപജീവനം നേടുവാനുള്ള ഉപായമാണ് എന്ന നില വന്നപ്പോഴാണ് പരീക്ഷകൾക്ക് അത്യധികമായ പ്രാധാന്യം ലഭിച്ചത്. ജനസംഖ്യാസ്ഫോടനം സംഭവിക്കുകയും വിദ്യാഭ്യാസത്തിൻെറ ചെലവു മുഴുവനും സമൂഹം വഹിക്കണം എന്ന സ്ഥിതിവിശേഷം സംജാതമാവുകയും ചെയ്തപ്പോൾ അവസര സമത്വത്തിനും ആദായസമത്വത്തിനും വേണ്ടിയുള്ള തീക്ഷ്ണമായ ആഗ്രഹം ഉദിച്ചു. വിദ്യാഭ്യാസം നൽകിയാൽ മാത്രം പോരാ അതുലഭിച്ചവർക്ക് മാന്യമായ ഉപജീവനമാർഗവും നല്കണം എന്ന വാദഗതി ഉയർന്നപ്പോഴാണ്. എല്ലാവർക്കും അതു നൽകുവാൻ സാധിക്കുകയില്ല. മിടുക്കന്മാരെന്നു തെളിയുന്നവർക്കുവേണ്ടി വല്ലതും ചെയ്യാം എന്ന പോംവഴി കണ്ടുപിടിച്ചത്. അങ്ങനെ പരീക്ഷകൾ മിടുക്കന്മാരെ കണ്ടുപിടിക്കാനുള്ള ഉപായമായിത്തീർന്നു. വിദ്യാഭ്യാസയത്നം മുഴുവനും പരീക്ഷയിൽ ലക്ഷീകൃതമാവുകയും ചെയ്തു. ഒരു പരീക്ഷയും ജയിക്കാതെ വിദ്യാലയത്തിൽ കയറുകപോലും ചെയ്യാതെ, കുലപരമ്പരയിൽ [?] ജീവിക്കുവാൻ സൗകര്യം നേടുന്നവരോട്, വിദ്യാസമ്പന്നരെന്നു പറയുന്നവർക്ക് ഇക്കാലത്ത് വലിയ അമർഷമുണ്ട്. അവർക്ക് അങ്ങനെയൊന്നും ജീവിക്കുവാൻ അവകാശമില്ല എന്നുവരെ വാദിക്കുന്നവരുമുണ്ട്.

പരീക്ഷകൾ സൗഭാഗ്യസോപാനമായി രൂപാന്തരപ്പെട്ടപ്പോൾ അവയുടെ കുററവും കുറവുകളും ശ്രദ്ധാവിഷയമായി. പരീക്ഷാസമ്പ്രദായം പരിഷ്കരിക്കണമെന്ന അഭിപ്രായം എല്ലാ രാജ്യങ്ങളിലും ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസവിദഗ്ദ്ധന്മാരും ഭരണാധികാരികളും ഇതിനുവേണ്ടി പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഒബ്ജക്റ്റീവ് ടെസ്റ്റ്, ഐ. ക്യൂ. ടെസ്റ്റ്, കൺറ് [?] ഇവാല്യുവേഷൻ, എന്നൊക്കെയുള്ള പുതു സമ്പ്രദായങ്ങൾ പ്രസിദ്ധമാണല്ലോ. പക്ഷേ, ഇവയെപ്പററിയും പരാതിയും പ്രതിഷേധവുമുണ്ട്. മത്സരപ്പരീക്ഷകൾ എത്ര ശാസ്ത്രീയമായും വസ്തുനിഷ്ഠമായും നടത്തിയാലും ചില പ്രത്യേക ചുററുപാടുകളിൽ വളർന്നു വന്ന വിദ്യാർത്ഥികൾക്ക് അവ അമിതമായ ആനുകൂല്യം നൽകുമെന്നാണ് ആക്ഷേപം. എത്രയോ മനശ്ശാസ്ത്രജ്ഞന്മാർ ഈ പരാതി ന്യായയുക്തമാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. വേട്ടയാടി [?] ജീവിതം കഴിക്കുന്ന ഒരു ആദിവാസി വിഭാഗം [?] തൻെറ അനുയായികളെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി ഒരു മത്സരപ്പരീക്ഷ നടത്തിയാൽ ആധുനിക വിദ്യാഭ്യാസം സിദ്ധിച്ച എല്ലാ വിദ്യാർത്ഥികളും അതിൽ തോററു തൊപ്പിയിടുമെന്നു പറയേണ്ടതില്ല. ഒരു ബൂമറാങ് എറിയുവാനോ സഞ്ചിതുന്നൽ [?] വേട്ടയാടുവാനോ അറിഞ്ഞുകൂടാത്ത താൻ ആസ്ത്രേലിയയിലെ മയോറി [?] വർഗക്കാരുടെ ഇടയിൽ ജീവിക്കേണ്ടി വന്നാൽ വകയ്ക്കുകൊള്ളാത്ത ബുദ്ധിശൂന്യനായി ഗണിക്കപ്പെടുമെന്ന് ആൽബെർട്ട് ഐൻസ്റ്റൈൻ പറയുകയുണ്ടായി.

ഇന്ത്യയിൽ പരീക്ഷാസമ്പ്രദായത്തെ സിദ്ധാന്തപരമായി എതിർക്കുക എന്നതിനേക്കാൾ അതിൽ കൃത്രിമം കാണിച്ച് മേന്മ നേടുക എന്ന എളുപ്പ വിദ്യയാണ് രാഷ്ട്രവ്യാപകമായി സ്വീകരിച്ചിരിക്കുന്നത്. വടക്കേ ഇന്ത്യയിലെ കലാശാലകളിലും സർവകലാശാലകളിലും പരീക്ഷയിൽ കോപ്പിയടിക്കുന്നത് ഒരു മൗലികാവകാശമായിട്ടാണ് വിദ്യാർത്ഥികൾ കരുതുന്നത്. അതു തടഞ്ഞാൽ കൊലപാതകം വരെ നടക്കും. നമ്മുടെ വിദ്യാസമ്പന്നമായ കേരളം

മാറ്റുകൂടി [?] അട്ടിമറിച്ച്



Digitized by Kerala Sahitya Akademi

